(ബി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ് നെല്ല് സംഭരണം നടത്തിവരുന്നത്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുവാനും ആയതിന്റെ വില കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സിവിൽ സപ്ലൈസ്, കൃഷി എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു 'നെല്ല് സംഭരണ ഫണ്ട്' രൂപീകരിക്കുന്ന വിഷയം കൃഷി വകുപ്പ് പരിശോധിക്കുകയും കേന്ദ്ര ഫണ്ടിന്റെ ലഭ്യതയിലുള്ള കാലതാമസം കണക്കിലെടുത്ത് ആയതിലേയ്ക്കായി ഒരു പുതിയ ഫണ്ട് രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ കർഷകർക്ക് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്, നെൽവികസന പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണെന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

(സി) അത്തരം അവഗണനയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കർഷക ക്ഷേമ പെൻഷൻ

176 (1551) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ക്ഷേമ പെൻഷൻ ഇനത്തിൽ കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ കൊടുത്തുതീർക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഒരു കർഷകന്റെ പ്രതിമാസ പെൻഷൻ നിരക്ക് എത്രയാണ്; പ്രസ്തുത തുക അതത് മാസം തന്നെ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കർഷക ക്ഷേമ പെൻഷൻ തുക ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; പ്രതിവർഷം എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ചെലവ് വരുന്നത്?

ഉത്തരം

(എ) നാളിതുവരെ പത്ത് മാസത്തെ (2015 ഏപ്രിൽ മുതൽ) പെൻഷൻ തുകയായ 198 കോടി രൂപ കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്. അഡീഷണൽ ആതറൈസേഷൻ വഴി കുടിശ്ശിക തുക ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒരു കർഷകന്റെ പ്രതിമാസ പെൻഷൻ നിരക്ക് 600 രൂപയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly